"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചെല്ലാനം ഗ്രാമപഞ്ചായത്തിന് ഇ.എം.എസ്. ഭവന പദ്ധതിക്കായി ലഭിച്ച തുകയിൽ മിച്ചമുള്ള തുക പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുതിയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം ഭവന പുനരുദ്ധാരണം എന്നിവയ്ക്കും ലൈഫ് ജനറൽ വിഭാഗത്തിനും ആയി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2771/2025/LSGD തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:-

1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.07.2025 ലെ കത്ത്
2. ചെല്ലാനം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 18.12.2024 ലെ 36/12 -ാം നമ്പർ തീരുമാനം
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം ഖണ്ഡിക നം. 4.36

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന് ഇ.എം.എസ്. ഭവന പദ്ധതിയിൽ ലഭിച്ച തുകയിൽ SB A/C No.1342, SB A/C No.1119 എന്നിങ്ങനെ രണ്ട് അക്കൗണ്ടുകളിലായി യഥാക്രമം 30,66,840 രൂപ 12,159 രൂപ എന്നിങ്ങനെ മിച്ചമുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്കും വീടു നൽകിയതിനാൽ SB A/C No.1342 ൽ ബാക്കിയുള്ള തുക പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുതിയ ഗുണഭോക്താക്കൾക്ക് വീടു നിർമ്മാണം, വീട് പുനരുദ്ധാരണം എന്നിവയ്ക്കായി ചെലവഴിക്കാനും SB A/C No.1119 ൽ ബാക്കിയുള്ള 12,159 രൂപ ലൈഫ് ജനറൽ വിഭാഗത്തിന് ഉപയോഗിക്കാനും അനുമതിയ്ക്കായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന് ഇ.എം.എസ്. ഭവന പദ്ധതിയിൽ ലഭിച്ച തുകയിൽ SB A/C No.1342 ൽ മിച്ചമുള്ള 30,66,840 രൂപ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുതിയ ഗുണഭോക്താക്കൾക്ക് വീടു നിർമ്മാണം, വീട് പുനരുദ്ധാരണം

എന്നിവയ്ക്കായി ചെലവഴിക്കാനും, SB A/C No.1119 ൽ മിച്ചമുള്ള 12,159 രൂപ ലൈഫ് ജനറൽ വിഭാഗത്തിന് ഉപയോഗിക്കാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-11-2025 11:52:51
സെക്ഷൻ ഓഫീസർ